**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :628 02.12.2014 ൽ മറുപടിക്ക്.

## കേരള ദിനേശ് ബീഡി ആശ്വാസ പെൻഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കേരള ദിനേശ് ബീഡി ആശ്വാസ പെൻഷൻ പദ്ധതി പ്രകാരം പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഏതുമാസം വരെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും വിശദമാക്കാമോ; | (എ) 2013 ഫെബ്രുവരി മാസം വരെയുള്ള കേരള ദിനേശ് ബീഡി ആശ്വാസ പെൻഷൻ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. 2013 മാർച്ച് മാസം മുതൽ 2014 നവംബർമാസം വരെ 21 മാസത്തെ പെൻഷൻകുടിശ്ശിക വിതരണം ചെയ്യാനുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം പെൻഷന് അർഹതയുള്ള എത്ര തൊഴിലാളികൾ ഉണ്ടെന്നും കുടിശ്ശിക വിതരണം ചെയ്യാൻ എത്ര തുക ആവശ്യമുണ്ടെന്നും വിശദമാക്കാമോ; | (ബി) 2780 പേർ കേരള ദിനേശ് ബീഡി ആശ്വാസ പെൻഷന് അർഹരാണ്. ഇവർക്ക് ഒരു മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് 13,90,000/-രൂപ ആവശ്യമാണ്. 21 മാസത്തെ കുടിശ്ശിക നൽകുന്നതിന് 2,91,90,000/- രൂപ ആവശ്യമാണ്. |
| (സി) ആശ്വാസ പെൻഷൻ പദ്ധതി പ്രകാരം കുടിശ്ശിക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) കേരള ദിനേശ് ബീഡി തൊഴിലാളി സഹകരണ സംഘത്തിലെ പെൻഷൻകാർക്ക് ആശ്വാസ പെൻഷൻ തുടർന്നും നടപ്പിലാക്കുന്നതിന് ഒരു സ്കീം തയ്യാറാക്കി മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിനായി തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രിയെ 08.05.2013, 31.07.2013 തീയതികളിൽ കൂടിയ മന്ത്രിസഭായോഗം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. |

Omaden

സെക്ഷൻ ഓഫീസർ